മിസ്റ്റർ പി. ഗോവിന്ദമേനോൻ:

		ക.	ണ.	സ.
(എ)	പഴയന്നൂർ—തൃശ്ശിവപേരൂർ	൧	൫	൩½
	വടക്കാഞ്ചേരി—തൃശ്ശിവപേരൂർ	൧	൭	൧
	നെല്ലുവായ് കുന്നംകുളം—തൃശ്ശിവപേരൂർ	൦	൧ ൪	൧
	തൃശ്ശിവപേരൂർ മണ്ടകൻ	൧	൦	൧½
	തൃശ്ശിവപേരൂർ പഞ്ച (കോഠം)	൦	൧൩	൧ ൦½

(ബി) ടെണ്ടർ വിളിച്ചു കൊടുത്തു.

(സി) ഇല്ല; പക്ഷെ വടക്കാഞ്ചേരിയിൽ നിന്നും തൃശ്ശിവപേരൂരെ മില്ലുകളിലേക്ക് ട്രാൻസ്പോർട്ട് ചെയ്യേണ്ടതിലേക്കുണ്ടായിരുന്ന നിരക്കുകൾ വ്യത്യാസപ്പെടുത്തി പൊതുവായി ൧ ൦ പറക്ക് മട്ട ഉറപ്പിക എന്നാക്കിയിട്ടുണ്ട്.

(ഡി) സി. യുടെ ഉത്തരം നോക്കുക.

(ഇ) റെയിറവ കൂട്ടി കൊടുക്കുകയൊ ൧ ൦ പറക്ക് ൧ ക. ര ണ. പൊതു നിരക്കായി അനുവദിക്കുകയൊ ചെയ്യണമെന്ന് കരാറുകാരന്റെ അപേക്ഷയുണ്ടായിട്ടുണ്ട്.

(എഫ്) അല്ലാ; ഇല്ലാ.

(ജി) എഫ് നോക്കുക.

(എച്ച്) ടി

(ഐ) കൂട്ടികൊടുത്തിട്ടില്ല. കൂടുതൽ ചിലവു വരുമെന്നു പ്രതീക്ഷിക്കുന്നുമില്ല.

(ജെ) ഓരോ കൊല്ലത്തേയും വിളവനുസരിച്ചു വാങ്ങുന്ന നെല്ലിന്റെ തുക അനുസരിച്ചിരിക്കും.

AYURVEDIC HOSPITAL—INSTALLATION OF

221. ചൌധരി ജി. എസ്സ്. ധാരാസിംഗ്: തഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമൊ.—

നെടുങ്ങാടു മട്ട ആയുർവ്വേദവൈദ്യശാല സ്ഥാപിച്ചു തരണമെന്നു കാണിച്ചു വല്ല അപേക്ഷകളൊ മറ്റാറാ ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഇല്ല.

MR. M. J. ISSAC—RESIGNATION OF

222. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) മിസ്റ്റർ എം. ജെ. ഐസക്കിനെ അദ്ദേഹം കുറ്റം അറവനായതുകൊണ്ടൊ അഥവാ മറു വല്ല കാരണത്താലൊ ശിക്ഷിക്കാതെ രാജിവെക്കുവാൻ അനുവദിച്ചുവൊ;

(ബി) ഇദ്ദേഹത്തിന്റെ പേരിൽ തെളിഞ്ഞതുപോലെയുള്ള കുറ്റങ്ങൾക്കു മറ്റാരെയെങ്കിലും ഇപ്രകാരം വെറുതെ പോകുവാൻ അനുവദിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അന്വേഷണത്തിൽനിന്നും അറിഞ്ഞ കുറ്റങ്ങൾക്കു മിസ്റ്റർ ഐസക്കിനെ ശിക്ഷിച്ചു.

(ബി) കുറ്റങ്ങൾക്കു ശിക്ഷ കൊടുക്കാതെ ആരെയും വെറുതെ വിട്ടിട്ടില്ല; വിടാറുമില്ല.

മിസ്റ്റർ കെ. എ. രാഘവൻ: അന്വേഷണത്തിൽനിന്നു് അറിഞ്ഞ കുറ്റങ്ങളെന്തൊക്കെയാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മിസ്റ്റർ ഐസക്കിന്റെ പേരിൽ Anonymous petition ഉണ്ടായിരുന്നു. അതിനെക്കുറിച്ചന്വേഷിച്ചു. അപ്പോൾ കണ്ട ചില കുറ്റങ്ങൾ കൊണ്ടു സസ്പെൻഡിൽ നിറുത്തി. പിന്നീടുള്ള കൂടുതൽ അന്വേഷണത്തിൽനിന്നും സ്റ്റാൻഡിംഗ് ഓർഡർ അനുസരിച്ചു ശിക്ഷിക്കത്തക്ക കുറ്റങ്ങളൊന്നുമില്ലെന്നു തെളിഞ്ഞതുകൊണ്ടു് അദ്ദേഹത്തിന്റെ അപേക്ഷയനുസരിച്ചു ജോലിയിൽനിന്നു് ഒഴിവാക്കി.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എ. രാഘവൻ: അദ്ദേഹത്തിന്റെ പേരിലുള്ള കുറ്റാരോപണം എന്തായിരുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നല്ലശക്കരയുള്ളപ്പോൾ ചീത്ത ശക്കര മേടിച്ചുവെന്നും അങ്ങിനെ അവരിൽനിന്നു കൈക്കൂലി മേടിച്ചുവെന്നുമായിരുന്നു ആക്ഷേപം.

മിസ്റ്റർ ജോസ് കെ. വട്ടിസ്. ആരാണ് അതിനെക്കുറിച്ച് അന്വേഷണം നടത്തിയതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഫുഡ് ഡയറക്ടർ.

മിസ്റ്റർ ജോസ് കെ. വട്ടിസ്: അദ്ദേഹം നേരിട്ടാണോ അന്വേഷിച്ചതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ ടി. കെ. എൽ. കഞ്ഞുവറിയു: അദ്ദേഹം കൈക്കൂലി മേടിച്ചുവെന്നതിനു തെളിവുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെക്കുറിച്ചു ഡയറക്ടർക്കു കിട്ടിയ അറിവു കൈക്കൂലി മേടിച്ചുവെന്നാണു.

മിസ്റ്റർ കെ. എ. രാഘവൻ: എന്നിട്ട് മിസ്റ്റർ ഐസക്കിനു കൊടുത്ത ശിക്ഷ എന്തായിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉദ്യോഗത്തിൽനിന്നും മാറ്റിവാക്കി.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: കൈക്കൂലി മേടിച്ചവക്കുള്ള ശിക്ഷ ഇതാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവണ്മെണ്ടിനു കൈക്കൂലി മേടിച്ചുവെന്നു ശരിയായ തെളിവു കിട്ടിയിട്ടില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: നല്ലശക്കരയുടെ വില കൊടുത്തിട്ടാണോ ചീത്ത ശക്കര മേടിച്ചതു.

മിസ്റ്റർ പി. ഗോപിനാഥമേനോൻ: അതെ.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അങ്ങിനെ എത്ര രൂപയാണു Misappropriate ചെയ്തതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ Misappropriate ചെയ്തു എന്നു പറയാൻ നിവൃത്തിയില്ല. ഒന്നാം തരം ശക്കയുടെ വിലകൊടുത്തു രണ്ടാംതരം ശക്കര മേടിച്ചിട്ട് എന്തോ കുറച്ചു കൈക്കൂലി വാങ്ങി എന്നാണു പറയുന്നതു.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: എത്ര രൂപാ മേടിച്ചിട്ടുണ്ടു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എത്ര രൂപാ കിട്ടി എന്നതു തീരുമാനമായിട്ടില്ല. അങ്ങിനെ ഒരു impression ഗവണ്മെണ്ടിനുണ്ടു എന്നുമാത്രമേയുള്ളു.

Mr. P. A. Muhamed Ashrof *(Cranganur)*: Was he removed from service or was he permitted to go away from service?

Mr. P. Govinda Menon *(Minister for Food and Education)*: It was the second.

മിസ്റ്റർ കെ. എ. രാഘവൻ: കൈക്കൂലി മേടിച്ചുവെന്നു പറഞ്ഞില്ലേ?

മിസ്റ്റർ പി. ഗോപിനാഥമേനോൻ: ഇല്ല. അങ്ങിനെ ആക്ഷേപമുണ്ടെന്നാണു പറഞ്ഞതു.

മിസ്റ്റർ പി. നാരായണമേനോൻ: ഐസക്കിന്റെ പേരിലുള്ള നടപടിയെക്കുറിച്ചു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹത്തിന്റെ കുറ്റത്തെ സംബന്ധിച്ചുള്ള ഒരു റഫെനൽ ഓർഡർ പ്രൊസീഡിംഗ്സായി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു.

മിസ്റ്റർ പി. നാരായണമേനോൻ: അദ്ദേഹത്തിനെ ഇങ്ങിനെ പുറത്തുപോകാൻ സമ്മതിച്ചതു അദ്ദേഹത്തിന്റെ പെരുപ്പവും പ്രതിക്ഷാഭയാഗൃതയും മറ്റും നോക്കിട്ടാണെന്നു പ്രസ്താവിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഉവ്വ്. Please read it as a whole.

മിസ്റ്റർ പി. നാരായണമേനോൻ : അപ്പോൾ ഇങ്ങിനെയുള്ള കുറങ്ങൾ ചെയ്യാനിടയുള്ള മറ്റുള്ളവരുടേയും ചെറുപ്പത്തേയും പരിക്ഷായോഗ്യതയേയും പരിഗണിച്ചു ഈ മാതിരി ആനുകൂല്യം ചെയ്യുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : വിദ്യാഭ്യാസ യോഗ്യതയുള്ളയുകൊണ്ട് കുറം ചെയ്താൽ ശിക്ഷിക്കുകയില്ലെന്നു പറയുന്നില്ല.

മിസ്റ്റർ പി. നാരായണമേനോൻ : വിദ്യാഭ്യാസ യോഗ്യതയും ചെറുപ്പവും നോക്കി കൂടുതൽ അന്വേഷണങ്ങൾ നടത്താതെ അദ്ദേഹത്തിന്റെ അപേക്ഷയനുസരിച്ച് അദ്ദേഹത്തിന്റെ രാജി സ്വീകരിച്ചുവെന്നാണ ഗസറ്റിൽ പറഞ്ഞിട്ടുള്ളതിന്റെ ചുരുക്കം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇപ്പോൾ പറഞ്ഞ വാചകങ്ങളുടെ അർത്ഥം വരുന്ന ഇംഗ്ലീഷ് പദങ്ങൾ അതിൽ ഉണ്ട്; എന്നല്ലാതെ ഈ കാരണങ്ങൾകൊണ്ടാണ അങ്ങിനെ ചെയ്തതെന്ന മനസ്സിലാകയില്ല.

Mr. P. Kumaran Ezhuthassan (*Vadakkancheri*): May I know, Sir, whether after a preliminary enquiry as contemplated by our Standing Orders, the gentleman concerned was not placed under suspension?

Mr. P. Govinda Menon (*Minister for Food and Education*): Yes.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Was it not published in the Government Gazette in the month of Dhanu?

Mr. P. Govinda Menon (*Minister for Food and Education*): I want notice, I do not remember.

Mr. P. Kumaran Ezhuthassan (*Vadakkancheri*): May I know, Sir, whether in the Notification suspending him it has not been stated categorically that the allegations against him of acceptance of bribe have been found true; and that as contemplated by another Standing Order—a detailed enquiry is necessary to give the delinquent an opportunity for explaining his position and satisfying the authorities?

Mr. P. Govinda Menon (*Minister for Food and Education*) Sir, the order of suspension is not before me. If it is before the Hon'ble Member and if those words are there I will admit, because I have not get that paper before me.

Mr. P. Kumaran Ezhuthassan (*Vadakkancheri*): May I know, Sir, whether in the light of the very serious inportance and future consequences of such things these two orders, one suspending him and the other allowing him or rather accepting his offer of resignation, will be placed here on the Council table and this question allowed to be tackled on another day.

Mr. President: The Hon'ble Member's suggestion will be examined.

Mr. P. Kumaran Ezhuthassan (*Vadakkancheri*): If that is possible, Sir, we need not waste the time of the House just now by any exploratory supplementaries. Unfortunately I was not able to sort the Gazette. I said on another occasion that the last order looks like a matrimonial advertisement seen often in the "Hindu" and other dailies.

Mr. President: It may not be possible to postpone questions like that.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Because the Hon'ble Minister has said, Sir, that he has not a copy of the paper with him I would request the chair that the question be postponed, for to-morrow or any other day, when the papers can be made available.

Mr. President: No, the Hon'ble Member may pursue his point.

Mr. P. Kumaran Ezhuthassan (*Vadakkancheri*): After the Gazette Notification putting the Officer under suspension and ordering a detailed enquiry did he submit himself to that enquiry and prove his case before the authorities?

Mr. P. Govinda Menon (*Minister for Food and Education*): Yes, he put in an explanation and he prayed that he may be sent out of Office.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Did he put in an explanation, Sir?

Mr. P. Govinda Menon (*Minister for Food and Education*): Yes.

Mr. P. Kumaran Ezhuthassan (*Vadakkancheri*) Does it find a place, Sir, in the final order or is there at least reference to it?

Mr. P. Govinda Menon (*Minister for Food and Education*): Yes. I mean it is in the file. He put in a petition through Advocate Mr. Thomas Manjuran, Ex. Chief Justice praying that he may be allowed to resign and that is an explanation.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri):* He did that also and what was his explanation, Sir?

Mr. P. Govinda Menon *(Minister for Food and Education):* I think it is a long paper. I cannot reproduce it now.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ശക്കര മേടിക്കാൻപോയ ഐസക്കുതന്നെയാണോ, ഇരിങ്ങാലക്കുട അസിസ്റ്റൻറ് സപ്ലൈ ആഫീസറായിരിക്കുമ്പോൾ ചില കഴപ്പുള്ളർ ഉണ്ടാക്കി എന്ന ആക്ഷേപത്തിനു പാത്രമായ ആൾ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സ് വേണം.

മിസ്റ്റർ പി. കെ. ഡീവർ: മിസ്റ്റർ ഐസക്കിനെ ഒരു കോടതിയിൽ ശിക്ഷിക്കത്തക്ക നിലയിൽ അദ്ദേഹത്തിനെപ്പറ്റി ഗവൺമെണ്ടു നടത്തിയ അന്വേഷണത്തിൽനിന്നു കുറ്റം തെളിയുന്നുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കോടതിയിൽ ശിക്ഷിക്കത്തക്ക നിലയിലുള്ള തെളിവുകളൊന്നും ഇല്ലെന്നതന്നെയല്ല, സ്റ്റാൻഡിംഗ് ഓർഡർ സ്ട്രിക്ടായി നോക്കിയാൽ ഡിപ്പാർട്ടുമെണ്ടലായിട്ട പോലും എന്തെങ്കിലും നടപടി നടത്തത്തക്ക കുറ്റം ചെയ്തതായി തെളിവില്ല.

Mr. President: The Hon'ble Member may pursue his point.

Mr. P. Kumaran Ezhuthassan *(Vadakkancheri):* In the face of the airs assumed by the Deputy President, I do not propose to put any further question. I was charging the Government.

Mr. P. K. Dewer *(Nominated):* It is our privilege also to put questions, Sir.

Mr. P. Kumaran Ezhuthassan *(Vadakkancheri):* You may have your privilege. Whoever stands in the way?

Mr. President: Order, the Chair will call upon the Hon'ble Member.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Sir, I refuse to put any question as a protest against the attitude of Mr. Dewer who is fortunately or unfortunately the Deputy President of this House.

Mr. P. K. Dewer *(Nominated):* And you are unfortunately there.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Yes, you have nevertheless to tolerate it (Mr. P. Kumaran Ezhuthassan walked out in protest).

മിസ്റ്റർ പി. എ. മഹമ്മദ് അഷ്റഫ്: കോടതിയിൽനിന്നും ശിക്ഷിക്കുന്നതിനു വേണ്ടതു തെളിവു ഡിപ്പാർട്ടുമെണ്ടലായി ശിക്ഷിക്കുന്നതിനു വേണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കോടതിയിൽ ശിക്ഷിക്കത്തക്ക വിധത്തിലുള്ള കുറ്റങ്ങൾ ഒന്നും ചെയ്ത തെളിവു കിട്ടീട്ടില്ലെന്നാണു പറഞ്ഞതു്.

മിസ്റ്റർ കെ. എ. രാഘവൻ: അദ്ദേഹം ചെയ്ത കുറ്റത്തിനു് അദ്ദേഹം വീട്ടിൽതന്നെ ഇരുന്നു മുഴു് സമ്പാദിച്ചതിനു യാതൊരലട്ടും കൂടാതെ സുഖമായി കഴിഞ്ഞുകൊള്ളട്ടെ എന്ന ഗവർണ്മേണ്ടിലാണൊ രാജി സ്വീകരിച്ചതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവൺമെണ്ടു് അന്വേഷിച്ചു. അതിൽ പ്രത്യക്ഷമായ തെളിവുകളൊന്നും കിട്ടിയില്ല. അതുകൊണ്ടാണു രാജിവെച്ചു പോകാമെന്നു പറഞ്ഞപ്പോൾ അതിനു ഗവൺമെണ്ടു സമ്മതിച്ചതു്.

മിസ്റ്റർ കെ. എ. രാഘവൻ: അങ്ങിനെ കുറ്റം ചെയ്തവരെ ഒക്കെ ശിക്ഷിക്കാതെ രാജിവെച്ചു പോകാൻ സമ്മതിച്ചിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കാവുണ്ടു്.

Mr. K. Balakrishna Menon *(Cheruthuruthi):* May I know, Sir, whether in the light of the question and the trend of questions that are asked in the Council, Government will be pleased to make a detailed inquiry whether this Officer has accepted bribe and misappropriated money?

Mr. P. Govinda Menon *(Minister for Food and Education):* Sir, that inquiry was made and there is no evidence against him, 'evidence' as understood by lawyers.

Mr. K. Balakrishna Menon *(Cheruthuruthi):* May I know whether the Hon'ble Minister has looked into these papers and come to this conclusion?

Mr. P. Govinda Menon *(Minister for Food and Education):* The Director of Food Supplies was there and he could not get any scrap of paper except to get some impression.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Balakrishna Menon *(Cheruthuruthi):* May I know whether the matter was referred to the Police?

Mr. P. Govinda Menon *(Minister for Food and Education):* The Matter happend in Kodumudi.

Mr. K. Balakrishna Menon *(Cheruthuruthi):* The Police can carry on investigation there, I suppose.

Mr. P. Govinda Menon *(Minister for Food and Education):* Government did not think that an enquiry by the police would have been better because the Director of Food Supplies conducted a very searching inquiry.

മിസ്റ്റർ ജോസ് കെ. വള്ളീസ്: രണ്ടാംതരം ശക്കര മേടിച്ചു ഒന്നാംതരം ശക്കരയുടെ വിലകൊടുത്തു എന്നുള്ളതല്ലേ ആക്ഷേപം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയാണ് ആക്ഷേപം.

മിസ്റ്റർ ജോസ് കെ. വള്ളീസ്: അതനേഷിക്കാനല്ലേ ഡയറക്ടർ പോയതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ ജോസ് കെ. വള്ളീസ്: അദ്ദേഹത്തിന്റെ കൂടെ വേറെ വല്ലവരും പോയിരുന്നോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹത്തിന്റെ ക്ലാക്കുണ്ടായിരുന്നു.

മിസ്റ്റർ ജോസ് കെ. വള്ളീസ്: എന്നിട്ട രണ്ടാൾ അനേഷിച്ചിട്ടും തെളിവൊന്നും കിട്ടിയില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അനേഷണം നടത്തിയതു ഒരാളാണ്. ക്ലാക്കിനു ജോലി പറയുന്നതു് എട്ടക്കൽ മാത്രമാണ്. എഴുത്തും enquiryയും തമ്മിൽ വ്യത്യാസമുണ്ട്.

Mr. K. Balakrishna Menon *(Cheruthuruthi):* Did he take a statement from the persons from whom jaggery was purchased?

Mr. P. Govinda Menon *(Minister for Food and Education):* He did not; because no body gave it.

Mr. K. Balakrishna Menon *(Cheruthuruthi):* Was an attempt made?

Mr. P. Govinda Menon *(Minister for Food and Education):* Yes. Sir.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഈ ശക്കര ഇവിടെ കിട്ടിയതു മോശമല്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മോശമാണെന്നു പറയുന്നുണ്ടു് എന്നല്ലാതെ അതു് അദ്ദേഹത്തിന്റെ കുറ്റം കൊണ്ടാണെന്നുള്ളതിനു തെളിവില്ല.

മിസ്റ്റർ എം. കെ. രാജ: ഒരു കോടതിയിൽ നിയമപ്രകാരം ശിക്ഷിക്കത്തക്ക തെളിവുള്ളെങ്കിലും കൂടി ജനങ്ങളുടെ ക്ഷേമണക്കായ്ത്തെ സംബന്ധിച്ചു കേസ്സുകളിൽ ഇത്തരം ഗൌരവാവഹമായ കുറ്റങ്ങൾ ചെയ്യുവെന്നു സംശയം കണ്ടാൽ പോലും കുറ്റക്കാക്കു കഠിന ശിക്ഷ നൽകുകയാണ് ഗവമ്മെണ്ടിന്റെ നയം എന്നു ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭയിൽ പ്രസ്താവിച്ചിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതാണ് ഞാൻ പറഞ്ഞതു്, സ്റ്റാൻഡിംഗ് ഓർഡർ ശരിക്കു ഉപയോഗിച്ചാൽ ശിക്ഷിക്കത്തക്ക നിലയിലുള്ള തെളിവുകളൊന്നും കിട്ടിയിട്ടില്ലെന്നിരിക്കെ, അദ്ദേഹം രാജിവെച്ചുപോകാൻ സമ്മതിച്ചപ്പോൾ അതനുവദിക്കേണ്ടതായിവന്നു; അതു ഗവമ്മെണ്ടിനു ഒരാശ്വാസവുംകൂടി ആയിരുന്നുവെന്നു.

മിസ്റ്റർ എം. കെ. രാജ: മിസ്റ്റർ ഐസക്കിനെ രാജിവെക്കാൻ അനുവദിക്കാതെ അദ്ദേഹം ചെയ്ത അപരാധത്തിനു് ഒരു ശിക്ഷ എന്ന നിലയിൽ ഗവമ്മെണ്ടിൽനിന്നും പിരിച്ചയക്കാൻ പാടില്ലായിരുന്നോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതുതന്നെയാണ് ചെയ്തിരിക്കുന്നതു്.

മിസ്റ്റർ എം. കെ. രാജ: രാജിവെച്ചുപോകുന്നതും ഡിസ്മിസ്സർട്ടുമെണ്ടിൽനിന്നും പിരിച്ചയക്കുന്നതും രണ്ടും ഒരുപോലെയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: Technical ആയ ഒരു വ്യത്യാസം ഇല്ലെന്നില്ല.

മിസ്റ്റർ ജോസ് കെ. വള്ളീസ്: ഡയറക്ടരല്ലെ സസ്പെൻഡ് ചെയ്തതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഡയറക്ടരുടെ ശുപാർശ അനുസരിച്ചു ഗവമ്മെണ്ടു് ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. കണ്ണൻ: രാജിവെച്ചു പോകാമെന്ന സമ്മതിച്ചുകൊണ്ടാണോ അദ്ദേഹത്തിന്റെ പേരിലുള്ള കേറത്തെ കേറിച്ചു പിന്നെ അന്വേഷിക്കാതിരുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ കെ. കെ. കണ്ണൻ: അതിൽ എന്താണ് ന്യായം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: രാജിവെച്ചു തന്നെ.

മിസ്റ്റർ കെ. കെ. കണ്ണൻ: എങ്കിലും കേറമുണ്ടോ എന്നന്വേഷിക്കേണ്ടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു Anonymous പെറ്റീഷൻ ഗവണ്മെണ്ടിനു കിട്ടി. അതനുസരിച്ച് അന്വേഷണം നടത്താൻ ഡയറക്ടർ തന്നെ പോയി. അതിൽ പറയുന്ന മാതിരി കേറം ചെയ്തുവെന്നതിനു് അദ്ദേഹത്തിനെതിരായ ഒരു തെളിവും, ഒരു കടലാസുകഷ ണംപോലും അന്വേഷിച്ചതിൽ കിട്ടാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഡയറക്ടക്ക് തെളിവി ല്ലെങ്കിലും അങ്ങിനെ ചെയ്തിട്ടുണ്ടെന്നു് ഒരു Impression ഉണ്ടായിട്ടുണ്ട്. പക്ഷെ തെളി വില്ല. ഈ നിലയിൽ രാജിവെച്ചു പോയില്ലെങ്കിൽ പിന്നെന്താണ് ചെയ്യേണ്ടതെന്നു് ഗവണ്മെണ്ടു വിഷമിച്ചിരിക്കുകയായിരുന്നു. അപ്പോഴാണ് അദ്ദേഹം രാജിവെച്ചതു്. അതു് ഗവണ്മെണ്ടു സ്വീകരിച്ചു.

Mr. President: Order, order. The question time is over.

ARTICLE IN THE "DEENABANDHU" DATED 5th JULY 1947

ഡോ. പൈധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ:—

ജൂലായി 6-ാംനു-ത്തെ ദീനബന്ധുവിൽ എടതിരിഞ്ഞി വില്ലേജിൽ ഒരു മിസ്സ്"വൈ ഫിനെ വെച്ചുകിട്ടണമെന്നു കാണിച്ചു പൌരപംക്തിയിൽ ഒരു ലേഖനം എഴുതിയിരുന്നതു് ഗവണ്മെണ്ടു് ശ്രദ്ധയിൽ പെട്ടിട്ടിണ്ടോ; ഉണ്ടെങ്കിൽ അതിനെക്കുറിച്ചു എന്തു നടപടി എടുത്തു?

റാവു ബഹദൂർ ടി. കെ. നായർ: ഉവ്വ്. എടതിരിഞ്ഞി വില്ലേജ് പടിയൂർ പഞ്ചായത്തിൽ ഉൾപ്പെട്ടതാണു്. പ്രസ്തുതപഞ്ചായത്തിൽ ഒരു മിസ്സ്"വൈഫിനെ നിയമിച്ചിട്ടുണ്ടു്.

MILL CLOTH—DISTRIBUTION OF

224. **Mrs. K. M. R. Menon** *(Trichur-Women): (a)* Will Government be pleased to make any improvements in the distribution of mill made cloth during the coming Onam Season;

(b) will there be some improvement in the present quota?

Mr. P. Govinda Menon *(Minister for Food and Education):* (a) Government are trying their utmost to make some improvement and expect to meet the requirements of the people as far as possible with the limited quantity of mill cloth available with them.

(b) Government cannot give any assurance on the question of improvement in the present quota in the immediate future.

RATION SHOPS—ENTRUSTMENT OF

225. **Mr. K. Balakrishna Menon** *(Cheruthuruthi):* Will Government be pleased to state.—

if ration shops now conducted by private individuals will be entrusted to Co-operative Societies when there is a demand for the same by the latter?

Mr. P. Govinda Menon *(Minister for Food and Education):*

No. Retailers will not be removed when there is no fault on their part merely for finding place for Societies. Government, however, give preference to Societies in filling up vacancies for retail shops.

RAILWAY BRIDGE AT ALWAYE

226. മിസ്റ്റർ എം. കെ. തോമാക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാന പ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ —

(എ) ആലുവാ റെയിൽവെ ബ്രിഡ്ജിൽകൂടി വാഹനങ്ങൾ കടത്തിക്കൊണ്ടുപോകുന്ന തിനെ സംബന്ധിച്ചു ഡൽഹിയിൽ ചെന്നു് ഉത്സാഹിച്ചതായും രണ്ടുമാസത്തിനകം ഈ

LIBRARY ARCHIVES Kerala Legislative Assembly